# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145


# പത്രക്കുറിപ്പ്

തീയതി: 17.09.2019

**കാലാവസ്ഥാവ്യതിയാനം: വനാശ്രിത സമൂഹത്തിലെ കുട്ടികൾക്ക് ഐ ഡബ്ല്യൂ എസ് ടിയിൽ പഠനാവസരമൊരുക്കി വനംവകുപ്പ്**

കാലാവസ്ഥാ വ്യതിയാനത്തിനെതിരെ കാർബൺ ആഗിരണശേഷി കൂടിയ മരങ്ങൾ നട്ടുവളർത്തി വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്തുന്ന രാജ്യത്തെ പ്രമുഖ സ്ഥാപനമായ ബാംഗ്ലൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ് സയൻസ് ടെക്നോളജിയിൽ പരിശീലനം നേടാൻ വനാശിത്ര സമൂഹത്തിലെ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി വനംവകുപ്പ്. ഐക്യരാഷ്ട്രസഭയുടെ വികസന പദ്ധതി പ്രകാരം, വനം -വന്യജീവി വകുപ്പും ഹരിത കേരള മിഷനും സംയുക്തമായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന'ഇന്ത്യ ഹൈറേഞ്ച് മൗണ്ടേയ്ൻ ലാന്റ് സ്കേപ്പ് പ്രോജക്റ്റി'ന്റെ ഭാഗമായാണ് പ്രവേശനവും പരിശീലനവും.

സംസ്ഥാനത്തെ മൂന്ന് ജില്ലകളിലെ 11 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് തിരഞ്ഞെടുത്ത അഞ്ച് വിദ്യാർത്ഥികൾക്കാണ് വിദഗ്ധ പരിശീലനത്തിന് അവസരം ലഭിച്ചത്. വനം വന്യജീവി വകുപ്പ് മന്ത്രി അഡ്വ കെ രാജു പ്രവേശനം സംബന്ധിച്ച അറിയിപ്പുകൾ വിദ്യാർത്ഥികൾക്ക് കൈമാറി. തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ താമസം ഭക്ഷണം യാത്ര തുടങ്ങിയ ചെലവുകൾക്കായി ഒൻപത് ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഒരു വർഷം നീളുന്ന ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് വുഡ് വർക്കിംഗ് എന്ന വിഷയത്തിൽ പരിശീലനം ലഭിച്ച അനിൽ എസ്, സൗമ്യ പി, രാജേഷ് രാജൻ, കാളിമുത്തു പി, മിഥുൻ കെ എന്നിവർക്ക് മന്ത്രിയുടെ ചേമ്പറിൽ യാത്രയയപ്പും നൽകി.

കാലവസ്ഥാ വ്യതിയാനത്തിനും ആഗോളതാപനത്തിനുമെതിരെ ശാസ്ത്രീയ വൃക്ഷ പരിപാലനം സ്വായത്തമാക്കുന്നതിനും ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ നേടുന്നതിനും ഈ പരിശീലനത്തിലൂടെ വിദ്യാർത്ഥികൾക്ക് സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. വിദ്യാർത്ഥികൾക്ക് മികച്ച വിജയം ആശംസിച്ച അദ്ദേഹം പരിശീലനത്തിലൂടെ ലഭിക്കുന്ന അറിവ് പ്രായോഗിക തലത്തിൽ ഉപയോഗപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

ചടങ്ങിൽ മുഖ്യ വനം മേധാവി പി കെ കേശവൻ, ചീഫ് വൈൽഡ് ലൈഫ് വാർഡനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ മേധാവിയുമായിരുന്ന സുരേന്ദ്ര കുമാർ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫീസറും ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ പത്മാ മഹന്തി. സി സി എഫ് വിജയാനന്ദ് തുടങ്ങിയവർ സംബന്ധിച്ചു.


**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ